Draft #8 of File 70030/EB 3-1/2021/EB 3 Approved by ASSISTANT REGISTRAR XI (EXAM) on 18-Sep-2021 02:01 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ പരീക്ഷ-ജൂൺ 2021-ന്റെ വിദ്യാർത്ഥികളുടെ സപ്പ്ളിമെന്ററി പരീക്ഷകളുടെ Practical/Viva/Project Evaluation പരീക്ഷകളും-2021-2022 അക്കാദമിക് വർഷത്തെ എല്ലാ റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ് പരീക്ഷകളുടെയും Practical/viva/Project Evaluation പരീക്ഷകളും കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ, ബന്ധപ്പെട്ട കോളേജുകളിൽ ഇന്റേണൽ പരീക്ഷയായി നടത്താൻ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985,അദ്ധ്യായം III 10 (17) പ്രകാരം അനുമതി നൽകിയത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ബി 8 സെക്ഷൻ**

നമ്പർ. 4799/EB 3/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.09.2021

---

*പരാമർശം:*-1.02.09.2021- ൽ കൂടിയ സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നമ്പർ 152/21.04/70030/EB3-1/2021/EB3

2.3.08.2021-തിയതിയിലെ 3747/EB3/2021/എം.ജി.യു നമ്പർ ഉത്തരവ്.

**ഉത്തരവ്**

മൂന്നാം സെമസ്റ്റർ - ഇലക്ട്രോണിക്സ് / ഇലക്ട്രോണിക്സ് & കംപ്യൂട്ടർ മെയിൻടെനൻസ് (സി.ബി.സി.എസ് -സപ്ലിമെന്ററി & സി.ബി.സി.എസ്.എസ് -സപ്ലിമെന്ററി) ബിരുദ പരീക്ഷ മാർച്ച്-ഏപ്രിൽ 2021-ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ചില വിദ്യാർത്ഥികൾ പൂർത്തിയാക്കാൻ ഉണ്ടെന്ന് മൂല്യ നിർണയ സമിതി ചെയർ പേഴ്‌സൺ അറിയിച്ചിരുന്നു.

ആറാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 2021 ൽ എഴുതിയ വിദ്യാർത്ഥികളിൽ ചിലർക്ക് താഴ്ന്ന സെമെസ്റ്ററുകളിലെ സപ്പ്ളിമെന്ററി പരീക്ഷകളുടെ പ്രാക്ടിക്കൽ പൂർത്തിയാക്കുവാനുണ്ട് എന്ന് ടി പരീക്ഷകളുടെ മൂല്യനിർണയസമിതി ചെയർപേഴ്‌സൺ അറിയിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച വൈസ് ചാൻസലർ , നിലവിലെ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ, പരീക്ഷാനടത്തിപ്പിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച്:

i ) ജൂൺ 2021 ൽ ആറാം സെമസ്റ്റർ ബിരുദ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ താഴ്ന്ന സെമെസ്റ്ററുകളിലെ സപ്പ്ളിമെന്ററി പരീക്ഷയുടെ ഭാഗമായ പ്രാക്ടിക്കൽ/പ്രൊജക്റ്റ്/വൈവ പരീക്ഷകൾ ബന്ധപ്പെട്ട കോളേജുകളിൽ ഇന്റേണൽ പരീക്ഷയായി നടത്തുന്നതിനും ആയത് 2021 ഓഗസ്റ്റ് 6 നുള്ളിൽ പൂർത്തീകരിച്ച് ഓഗസ്റ്റ് 6 ന് തന്നെ മാർക്കുകൾ അപ് ലോഡ് ചെയ്യാനും അനുമതി നൽകിയും

ii ) 15.02.2021-തിയതിയിലെ 987/EB3/2021/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവ് പ്രകാരമുള്ള ഇളവുകളനുസരിച്ച് 2021-2022 അക്കാദമിക് വർഷത്തെ എല്ലാ റഗുലർ / സപ്ലിമെന്ററി/

മേഴ്സി ചാൻസ് പരീക്ഷകളുടെയും പ്രാക്ടിക്കൽ /പ്രൊജക്റ്റ് / വൈവ പരീക്ഷകൾ കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ, ബന്ധപ്പെട്ട കോളേജുകളിൽ ഇന്റേണൽ പരീക്ഷയായി നടത്താൻ അനുമതി നൽകിയും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച ഉത്തരവായിരുന്നു. തദനുസരണം പരാമർശം (2) നമ്പർ സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17 ) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട പ്രസ്തുത നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.08.2021 3747/EB3/2021/എം ജി യു നമ്പർ സർവ്വകലാശാല ഉത്തരവും പരാമർശം 1 പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 .വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ജെ.ആർ / ഡി.ആർ / എ.ആർ (പരീക്ഷ )
4 .സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി
5 Ac.CI/Ac.CII Sections

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #8 of File 70030/EB 3-1/2021/EB 3 Approved by ASSISTANT REGISTRAR XI (EXAM) on 18-Sep-2021 02:01 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം